**പതിമൂന്നാം കേരള നിയമസഭ**
**10- ാംസമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5227 06/02/2014 ൽ മറുപടിയ്ക്ക്

**പ്ലാസ്റ്റിക് നിരോധനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി |
| (എ) എത്ര മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ആണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് കവറുകളാണ് കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ് റൂൾസ് 2011 പ്രകാരം നിരോധിച്ചിട്ടുള്ളത്. |
| (ബി) നിരോധിത അളവിലുള്ള പ്ലാസ്റ്റിക് കാരിബാഗുകൾ നിർബാധം ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഉത്പാദനവും വിതരണവും അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാസ്റ്റിക് കവറുകൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ഇത്തരം സ്ഥാപനങ്ങളിൽ 40 മൈക്രോൺ കനത്തിൽ താഴെയുള്ള കവറുകൾ ഉല്പാദിപ്പിക്കുന്നില്ലായെന്ന് അനുമതി വ്യവസ്ഥകളിലൂടെയാണ് നിഷ്കർഷിക്കുന്നത്. കൂടാതെ ഉല്പാദിപ്പിക്കുന്ന കവറുകളിൽ അവയുടെ കനം രേഖപ്പെടുത്തുവാനും വ്യവസ്ഥയുണ്ട്. പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം/നിയന്ത്രണം വിലയിരുത്തുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അംഗമായുള്ള ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട ചുമതലകൾ സംബന്ധിച്ച് വിശദമായ ഉത്തരവ് ജി.ഒ. (എം.എസ്.) നം. 323/2011/LSGD തീയതി 27/12/2011 പ്രകാരം പുറപ്പെടുവിച്ചു.<br><br>പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിയന്ത്രണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ ടാക്സസ് ഡെപ്യൂട്ടി കമ്മീഷണർമാർക്കും വാണിജ്യ നികുതി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് വസ്തുക്കളുടെ അമിത ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് കഴിഞ്ഞവർഷം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നികുതി നിരക്ക് 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം നടപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് സംസ്ഥാന പോലീസ് ചീഫിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ